(ബി) മേൽ പറഞ്ഞ അനീതിയുടെ നേക്കു സമരം നടത്തുവാൻ നോൺഗസറ്റഡ് ആഫീസ്സേഴ്സ് സംഘാംഗങ്ങളുടെ യോഗത്തിൽവെച്ചു മന്ത്രി ഉൽബോധിപ്പിച്ചതായി ഗവ ൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ആളുകളെ യുദ്ധസേവനത്തിനു് ആകഷ്ടിക്കുവാനായി ഒരു വിദേശീയ ഗവൺമെ ണ്ടു വാശ്ദാനം ചെയ്തതാണു് ഈ ആനുകൂല്യങ്ങളും അവകാശങ്ങളും എന്നു് ആ പ്രസംഗത്തിൽ മന്ത്രി പറഞ്ഞതായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) പത്രറിപ്പോർട്ടുകൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. എന്നാൽ പ്ര സ്തുത റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട മന്ത്രി ചെയ്ത പ്രസംഗത്തിലെ യഥാർത്ഥ വിവരങ്ങളല്ല. മറ്റു പരിഗണനകളെല്ലാം സമമായിരിക്കുമ്പോൾ മാത്രമേ യുദ്ധസേവനക്കാർക്കു സിവിൽ സർവ്വീസിലുള്ള മറ്റുള്ളവരേക്കാൾ മുൻഗണന കൊടുക്കാവു എന്നതായിരുന്നു മന്ത്രിയുടെ പ്ര സംഗസാരം.

(ബി) & (സി) എ-യുടെ ഉത്തരംകൊണ്ടു ബി-ക്കും സി-ക്കും ഉത്തരം ആവശ്യമില്ല.

COMMERCE IN THE STATE—DECREASE OF

4. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാന പ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ —

(എ) സെയിൽസ് ടാക്സ് നടപ്പിൽ വന്നതോടുകൂടി കൊച്ചീരാജ്യത്തിലെ കച്ചവട ത്തിൽ മൊത്തത്തിൽ ഒരു അധഃപതനം വന്നിട്ടുള്ളതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടി ട്ടുണ്ടോ;

(ബി) ഇതിനു് എന്തു മാർഗ്ഗമാണു് ഗവൺമെണ്ടു കൈക്കൊള്ളുവാൻ ഉദ്ദേശിച്ചിട്ടുള്ളതു്;

(സി) വെളിച്ചെണ്ണ, കുരുമുളകു്, കയറു് മുതലായ സർവ്വവിധ കച്ചവടങ്ങളും തിരു വിതാംകൂറിലേക്കാണു പൊയ്ക്കൊണ്ടിരിക്കുന്നതെന്നുള്ള വസ്തുത ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) അങ്ങിനെ ചില ആക്ഷേപങ്ങൾ ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടു്.

(ബി) അന്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്യുന്ന വീണ്ടും ഇവിടെനിന്നു് കയറ്റി അയക്കുന്ന സാധനങ്ങളിന്മേൽ ചുമത്തുന്ന വില്പന നികുതി ഒരുതവണയായി കുറച്ചുകൊണ്ടു ള്ള നിയമം [illegible] ചിങ്ങം [illegible]-മുതൽ നടപ്പിൽ വരുത്തുവാൻ ഗവൺമെണ്ടു് ഉദ്ദേ ശിക്കുന്നുണ്ടു്.

(സി) വെളിച്ചെണ്ണ, കുരുമുളകു്, കയറു് മുതലായ സാധനങ്ങൾ കൊച്ചിയിൽനി ന്നു തിരുവിതാംകൂറിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നതായി അറിവില്ല. വെളിച്ചെണ്ണയുടെ ക ൺട്രോൾ നീക്കിയതിനുശേഷം വെളിച്ചെണ്ണ ധാരാളം തിരുവിതാംകൂറിൽനിന്നു കൊച്ചിയി ലേക്കു വന്നിട്ടുണ്ടു്.

COMPLAINTS REGARDING FISHING

459. മിസ്റ്റർ പി. ടി. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാന പ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) പെയ്ത്തുവല തെളിക്കണ്ണി എന്ന പേരിൽ ലൈസൻസ് എടുത്തു തിരുവി താംകൂറുകാരായ കുറെ ആളുകൾ കൊച്ചി അഴിമുഖത്തും, ചുറ്റുമുള്ള കായൽ പ്രദേശങ്ങളി ലും, അടക്കംകൊല്ലിവല ഉപയോഗിച്ചു മത്സ്യം പിടിക്കുന്നതിനെ ആക്ഷേപിച്ചുകൊണ്ടു [illegible], [illegible] എന്നിവർക്കുള്ളിൽ ആരിൽനിന്നെങ്കിലും വല്ല ആക്ഷേപങ്ങളും ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ; കിട്ടീട്ടുണ്ടെങ്കിൽ ആരിൽനിന്നൊ ക്കെയാണു്; എന്തു നടപടിയാണെടുത്തതു്;

(ബി) ടി ഹർജിയുടെ പകർപ്പും അതിന്മേലുണ്ടായിട്ടുള്ള ഉത്തരവുകളും ദയവായി മേശപ്പുറത്തു വെക്കാമോ?

റാവുസാഹിബ് കെ. അയ്യപ്പൻ:

(എ) ഉവ്വു്. കൊച്ചി, എറണാകുളം കായലിലെ വിവിധ മത്സ്യത്തൊഴിലാളികളിൽനിന്നും ഒരു ആക്ഷേപം കിട്ടിട്ടുണ്ടു്. ടി ആക്ഷേപം അഡ്വക്കേറ്റു് മിസ്റ്റർ എം. വി. പൊളിന്റെ വക്കാലത്തോടുകൂടിയാണു് സമർപ്പിച്ചതു്. വലിയ പറവകണ്ണിക്കാൺ ലൈ

LIBRARY ARCHIVES Kerala Legislative Assembly

സൻസു കൊടുത്തിട്ടുള്ളതു്. അടക്കംകൊല്ലിവല ഉപയോഗിക്കുന്നില്ല. കൈക്കോൽകൊണ്ടു വെള്ളത്തിലടിച്ചു് ഒച്ചയുണ്ടാക്കാതേയും, അഴിമുഖംവിട്ടും മറ്റുമുണ്ടാക്കാതെ അടുത്തു പോകാതെ നിശ്ചിതമായ അകലത്തിലും മാത്രമേ ടി വല ഉപയോഗിക്കുവാൻ പാടുള്ളു എന്ന വ്യവസ്ഥചെയ്തു.

ബി) ടി ഹർജിയുടെ പകർപ്പും അതിന്മേലുണ്ടായിട്ടുള്ള ഉത്തരവിന്റെ പകർപ്പും അനുബന്ധമായി ചേർത്തിട്ടുണ്ടു്. (Appendix II)

TEXT BOOK COMMITTEE—RECOMMENDATIONS OF—DETAILS REGARDING

460. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ഫ ഫ ഫ-ലെ രണ്ടാമത്തെ ടെക്സ്ട്ബുക്കു കമ്മിറ്റി യോഗത്തിൽ ഇംഗ്ലീഷു ടെക്സ്റ്റു്, ഇംഗ്ലീഷു നോണ്ടീടേയിൽസു്, മലയാളം നോൺഡീടെയിൽസു് പുസ്തകങ്ങൾ, ഇവയല്ലാത്ത മറ്റു പുസ്തകങ്ങളുടെ കാര്യമൊന്നും ആലോചിക്കപ്പെടുകയില്ലെന്നു ടെക്സ്റ്റു ബുക്കു കമ്മിറ്റി സിക്രട്ടറി പ്രസിദ്ധീകരണ ശാലക്കാർക്കു് എഴുതി അയച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ചാണോ ടെക്സ്റ്റു ബുക്കു കമ്മിറ്റിയോഗത്തിൽ നടപടിയുണ്ടായതു്;

(സി) എ-യിൽ പറഞ്ഞിട്ടുള്ളതല്ലാത്ത മറ്റു വല്ല പുസ്തകങ്ങളും കമ്മിറ്റി പാസ്സാക്കുകയോ പ്രിസ്ക്രൈബു ചെയ്യുവാൻ ഗവണ്മെണ്ടിനോടു ശുപാർശ ചെയ്യുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആ പുസ്തകങ്ങൾ ഏതെല്ലാമാണു്; അതിനുള്ള പ്രത്യേക കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി, സി & ഡി) എ-യിലെ ഉത്തരംകൊണ്ടു ബി, സി & ഡി-ക്കു് ഉത്തരം ആവശ്യമില്ല.

FARM-HOUSE—ACQUISITION OF

461. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) പാലക്കാടു താലൂക്കു തേങ്കുറിശ്ശി അംശക്കാരനായ കടുങ്ങോത്തു രാമസ്വാമി മകൻ രാമൻ എന്നാളുടെ വക തത്തമംഗലം മുനിസിപ്പൽ അതൃത്തിക്കകത്തുള്ള കളം ഏതെങ്കിലും ആവശ്യത്തിലേക്കു മുനിസിപ്പാലിറ്റിക്കോ, ഗവണ്മെണ്ടിനോ അകപയർ ചെയ്യാൻ ഇപ്പോൾ വല്ല നടപടിയും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താവശ്യത്തിലേക്കാണു;

(സി) ടിയാന്റെ കൃഷി നടത്തുന്നതിനു് ആ സ്ഥലത്തു വേറെ ഒരു കളം ഉണ്ടാക്കുന്നതിനു് അയാൾക്കു് സൌകര്യമായ സ്ഥലം സ്വന്തമായി വേറെയുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഗവണ്മെണ്ടിനോ മുനിസിപ്പാലിറ്റിക്കോ ആവശ്യമായ സ്ഥലം വേറെയില്ലേ;

(ഇ) ടി രാമന്റെ വക ഈ വസ്തുക്കൾ രാമന്റെ കൈവശം വരുന്നതിനു മുൻപു് ആരുടെ വകയായിരുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) പ്രസ്തുത സ്ഥലം അകപയർ ചെയ്യുവാൻ ഗവണ്മെണ്ടു തീരുമാനിച്ചിട്ടില്ല.

(ബി) (സി) & (ഡി) ഉത്തരം ആവശ്യമില്ല.

(ഇ) തത്തമംഗലത്തു പാറക്കാട്ടെ വീട്ടിലെയായിരുന്നു.

FOOD PRODUCTION COMMITTEE'S SCHEME—SUBMISSION OF

462. മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കുബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ശ്രീമാൻ കോമാട്ടിൽ അച്യുതമേനോന്റെ അദ്ധ്യക്ഷതയിൽ ഉണ്ടായ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ഫ ഫ ഫ ൭ കക്കടകം ഫ ൪-ാംനു- ഗവണ്മെണ്ടിനെ അടുക്കൽ ഒ

LIBRARY ARCHIVES Kerala Legislative Assembly

TRANSPORTING GOODS FROM CHALAKKUDI STORES TO PORINGALKUTHU

	Name of tenderers	*Rate* Rs. A. P.
1.	C. C. Ismail Rowther	0 7 6 per mile
2.	V. A. M. Ismail	0 11 9 ,,
3.	P. J. Varkey	0 6 6 ,,
4.	P. K. Achuthan	0 14 0 ,, (subsequently reduced to 0 6 6)
5.	National Furniture Co.	10 0 0
6.	Kerala Motors	0 7 6
7.	C. K. S. Moni	0 10 0
8.	S. K. Sankaranarayana Ayyar	1 2 0
9.	A. S. Krishna Ayyar	1 6 0
10.	Sree Ramachandra Industrials	Actuals plus 9%
11.	A. C. Paul	1 0 4
12.	C. S. Warriar	0 8 9
13.	Allied Engineers	0 12 0; 0 8 0
14.	S. Ramanatha Ayyar	0 14 0
15.	K. K. Paul	2 0 0
16.	M. R. Balakrishna Menon	4 0 0
17.	K. P. D. Menon	5 0 0
18.	S. P. Louis	1 8 0

APPENDIX II

(Please see answer to Question No. 459)

മഹാരാജ മാന്യരാജശ്രീ

ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്ത് മന്ത്രി അവർകളുടെ മുമ്പാകെ കൊച്ചി, എറണാകുളം കായലിലെ മത്സ്യം പിടിത്തക്കാരായ താഴെ പേരെഴുതി ഒപ്പിട്ടവർ ബോധിപ്പിക്കുന്ന അപേക്ഷ.

ഞങ്ങൾ കൊച്ചി എറണാകുളം കായലിൽ കണച്ചുണ്ട, ആയിരം ചുണ്ട, ചീനവല, ചവിട്ടുവല, കോരുവല, വാലുവല, മുതലായതുകൊണ്ടുവഴി മത്സ്യംപിടിച്ച് ജീവിതംകഴിച്ചുവരുന്നവരാകുന്നു. എന്നാൽ തിരുവിതാംകൂറിൽനിന്നും കുറെ ആളുകൾ ഇവിടെവന്ന കടലിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നതായ അടക്കം കൊല്ലിവല ഫിഷറിഡിപ്പാർട്ടുമെണ്ടുകാരെ തെറ്റിധരിപ്പിച്ച് തല്ലുവലയെന്നും, കൃഷ്ണവലയെന്നും, പെയ്ത്തുവലയെന്നും തെളിക്കണ്ണിയെന്നും ഉള്ളപേരിൽ പാസ്സ് എടുത്ത മത്സ്യബന്ധനം ചെയ്തവരുന്നതു നിമിത്തം ഞങ്ങളുടെ തൊഴിലിനു യാതൊരു ആദായവും ഇല്ലാതായിതീർന്നിരിക്കുന്നു എന്നുള്ള വിവരം സവിനയം ബോധിപ്പിച്ചുകൊള്ളുന്നു. ഞങ്ങളിൽ പെരുമാന്തർക്കാരായവർ അവരുടെ ഉന്നികൾ സർക്കാരിൽനിന്നെടുക്കുക നിമിത്തം ഇപ്പോൾ ആയിരംചുണ്ട, ചീനവല, ചവിട്ടുവല, കോരുവല എന്നിതുകൊണ്ടുവഴി മത്സ്യംപിടിച്ചു ജീവിച്ചുവരുകയാണ് ചെയ്യുന്നതു്. അതുപോലെതന്നെ വെണ്ടുരുത്തിയിൽനിന്നും നെട്ടൂർ കോളനിയിൽപോയി നിവസിച്ചുവരുന്ന കുസ്ത്യാനികളിൽ ഭൂരിഭാഗവും കണച്ചുണ്ട ഉപയോഗിച്ചു മത്സ്യബന്ധനംചെയ്തു ജീവിക്കുന്നവരും അതിൽനിന്നുള്ള ആദായം കൊണ്ടുമാത്രം കോളനിവകയിൽ ഗവർമ്മെണ്ടിലേക്കുള്ള കടംതിരുത്തുവരേണ്ടവരുമാകുന്നു. എന്നാൽ ടി വല ഉപയോഗിക്കുന്നതിന്റെ ശല്യം നിമിത്തം കായലിൽ മത്സ്യം ഇല്ലാതായി തീർന്നിരിക്കുന്നതും അതുനിമിത്തം മേൽപറഞ്ഞവരും മറ്റുള്ളവരും കടത്തിലും പട്ടിണിയിലുമായി തീർന്നിരിക്കുന്നു, ഈ വല കൊച്ചിക്കാരായവരാരും കായലിൽ ഉപയോഗിക്കുന്നില്ല. ടി വല കായലിൽ ഉപയോഗിച്ച് മത്സ്യം പിടിക്കുന്നതിനെ തിരുവിതാംകൂർ ഗവർമ്മെണ്ടു നിരോധിച്ചിട്ടുള്ളതാകുന്നു. അതുമൂലം തിരുവിതാം

LIBRARY ARCHIVES Kerala Legislative Assembly

കാർക്കർ ഇവിടെവന്ന ഫിഷറിമേലുദ്യോഗസ്ഥന്മാരെ തെറ്റിധരിപ്പിച്ചും കീഴുദ്യോഗസ്ഥന്മാരെ സ്വാധീനിച്ചും ഒഴക്കുവല, തല്ലുവല, പെയ്യവല, തെളിക്കണ്ണി എന്നും മറ്റുമുള്ളപേരിൽ പാസ്സുവാങ്ങി ടി വല ഉപയോഗിച്ചു വരുകയാണു് ചെയ്യുന്നതു്.

ബഹുമാനപ്പെട്ട മന്ത്രി അവർകൾക്കു് ടി വലകൊണ്ടുള്ള ദ്രോഹം എളുപ്പത്തിൽ മനസ്സിലാക്കുന്നതിനുവേണ്ടി അതിന്റെ വലിപ്പവും മത്സ്യം പിടിത്തരീതിയും വിശദമായി താഴെ ബോധിപ്പിച്ചുകൊള്ളുന്നു. ടി വലക്കു് ഏകദേശം ൪൦ അടിയിലധികം നീളവും ൪൦ അടിയോളം വിസ്താരവുമുണ്ടു്. അടിയിൽ കല്ലും മുകളിൽ പൊന്തലും കെട്ടി മത്സ്യം നില്ക്കുന്നതായ ചാലുകളിൽ വല നീട്ടിയിട്ട വലയുടെ രണ്ടറ്റത്തും ആയിരമായിരം മാറുനീളത്തിൽ കയറും കയറിന്മേൽ കരുത്തോലയും കെട്ടിവലിച്ചും—കഴുക്കോൽ നാലഞ്ചുമാറു നീളമുള്ള മുള—കൊണ്ടു് വെള്ളത്തിലിട്ടടിച്ചും വഞ്ചിയിന്മേലിട്ടു കിടുക്കിയും ആർപ്പുവിളിച്ചും മറ്റും ഭയങ്കരശബ്ദമുണ്ടാക്കി കായലാകെ അടിമുകളിളക്കിയുമാണു് ടി വല ഉപയോഗിച്ചു മത്സ്യം പിടിച്ചുവരുന്നതു്. വഞ്ചിയിന്മേലുള്ള മട്ടം കഴുക്കോൽകൊണ്ടു വെള്ളത്തിലിട്ടുള്ള അടിയും ആയിരമായിരംമാറു നീളത്തിൽ വെള്ളത്തിനടിയിലുള്ള കരുത്തോലയുടെ മിന്നക്കവുംകൊണ്ടു് മത്സ്യത്തെ ഭയപ്പെടുത്തി ഓടിച്ചു് വലയിൽ പിടിക്കുകയാണു് ചെയ്യുന്നതു്. ഇങ്ങിനെ ഭയപ്പെട്ടോടുന്ന മത്സ്യങ്ങളിൽ വലയിൽ അകപ്പെടാത്തവ കായലിൽനിന്നു കടലിലേക്കു ഓടിപ്പോകുന്നതുമാകുന്നു. ഈ വിധത്തിൽ രാവും പകലും മത്സ്യബന്ധനം ചെയ്തുവരുന്നതു നിമിത്തം ഇവിടെ മത്സ്യം നില്ക്കുന്നില്ലാത്തതും ഞങ്ങളുടെ തൊഴിലിനു ആദായമില്ലാതെ ഞങ്ങൾ പട്ടിണിയിലും കടത്തിലും ആയിത്തീർന്നിരിക്കുന്നതുമാകുന്നു. ഫിഷറി സൂപ്രണ്ടിനോടു ഇതിനെക്കുറിച്ചു് പലപ്പോഴും ആക്ഷേപം പറഞ്ഞതിന്റെ ഫലമായി അദ്ദേഹം ഇതിനെക്കുറിച്ചു് അന്വേഷിക്കുകയും ടി വലക്കാരെ പിടിച്ചുകൊണ്ടുപോകയും മേലാൽ ടി വല ഉപയോഗിക്കുന്നതിനു അനുവദിക്കുന്നതല്ലെന്നു ഞങ്ങൾക്കു് ഉറപ്പുതരുകയും ചെയ്തിട്ടുള്ളതാണു് എന്നാൽ ഇപ്പോൾ മുമ്പത്തേതിലും കൂടുതലായിട്ടാണു് ടി വല ഉപയോഗിച്ചുവരുന്നതു്.

അതുകൊണ്ടു് ഇവിടത്തെ മത്സ്യംപിടിത്തക്കാർക്കു് അകമാനം ദോഷം ചെയ്യുന്നതും കായലിൽ മത്സ്യമില്ലാതാക്കി തീർത്തിരിക്കുന്നതുമായ മേൽപറഞ്ഞവിധത്തിലുള്ള മത്സ്യം പിടുത്തസമ്പ്രദായം ഉടനെ നിർത്തൽചെയ്തു ഉത്തരവുണ്ടാകുവാൻ വളരെ വണക്കമായി അപേക്ഷിച്ചുകൊള്ളുന്നു.

ഫിഷറിസൂപ്രണ്ടു് അവർകൾക്കും ഒരു ഹർജി ക ക— ക ഖ— ക ക ഖ ക—ൽ കൊടുത്തിട്ടുണ്ടു് എന്നുള്ളതും ബോധിപ്പിച്ചുകൊള്ളുന്നു.

എന്നു് കകഖക കക്കടകം കരോഗന്റെ.

Copy of the Diwan Peishkar's report dated 29th October 1946, M-5-72 8/22

Sub: Disturbance by Travancore Fishermen—complaint regarding.

The petition is from the fishermen of Nettur in Maradu village and Perumanoor in Ernakulam who depend upon fishing with rod and line (൪൦൦ ചൂണ്ട) long line (ആയിരം ചൂണ്ട) in the Ernakulam backwaters. The operatives of other kinds of nets *viz.* stake nets (ഉന്നിവല) and drug nets (വടിവല) are also found to be signatories to the petition. The complaint is largely exaggerated but is not entirely unfounded.

2. On the subject of the petition, there was a discussion between the Hon'ble Minister for Public Works and the Superintendent of Fisheries.

3. The petitioners say that a sea net which they called (അടക്കംകൊല്ലി) has been licensed by the Fishery Department. This is not a fact. The Department has not issued a license for the operation of any sea net or അടക്കംകൊല്ലി in the backwater. It is against the policy of the Department.

4. From enquiry it is understood that the petitioners are aggreived mainly by the operation of a variety of pattukanni (പാറകണ്ണി) by Travancore fiishermen. These are larger in size and

LIBRARY ARCHIVES Kerala Legislative Assembly

of larger mesh than the net of the same pattern and name in vogue in the State. What is objectionable about it is not so much its size as the noise that attends its working. The fishermen will beat the water with bamboo poles and beat against the sides of their boats with little wooden rods. The splutter and splash of water, so caused will put the fish in panicky flight. But from within the area enclosed by the scare line, the panic striken fish flee mostly in the direction of the nets which are held across the current. From expereince it is seen that the take of fish by this net is much bigger than that of the Cochin nets. Some how the Cochin men instead adopting the contrivance of Travancore agitate against it. It is the class of rod and line fishermen who angle from their tiny canoes and prefer unreffled waters who curse the Travancore net most. A sort of long line strung with baited hooks running to many hundreds at a time and called ഊഡ്ഡാവല is also operated by some of the petitioners. They also wait for the fish to come and bite the hooks suspended in the water and have no patience for the noisy contrivance of Travancore. In the interest of these fishermen in Ernakulam and Nettur, I beg to suggest the following restrictions for the operation of the Travancore nets.

1. Within a furlong round the customary haunts of rod and line fishermen, no big pattukanni for the Parur (Travancore) fishermen should be allowed to work.

2. Of the double device of beating the water and beating the sides of the boats, the first *viz.*, beating the water, should be disallowed. The Travancore men should be satisfied with the noise they produce with the strokes on the sides of their boats. This much freedom should be retained for them as otherwise their operations may perhaps prove almost useless.

3. The mouth of the harbour, *viz.*, the area to the west of the north-western corner of the Willingdon Island should not witness the operation of these nets.

5. The violation of these rules may be punished with heavy fines and if repeated with, cancellation of license.

6. As the Travancore method is found efficacious, Cochin men are slowly trying to construct nets of that pattern. When such nets are attempted by Cochin men, they may be licensed without prejudices to other contrivance working in the backwaters and Travancoreans gradually discouraged.

7. The endorsement order is returned.

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

REVENUE DEPARTMENT

Disturbances by Travancore Fishermen—complaints regarding

Read (1) Petition dated 17-12-1121 from Kattupurath Ayyappan Narayanan and others submitted with the Vakkalath of Mr. M. V. Paul, Advocate, Ernakulam.

(2) Letter M5-728/22, dated 29th October 1946 from the Diwan Peishkar.

Order D. Dis. 44029/21, dated 28th November 1946.

The Diwan Peishkar's proposals are approved.

2. The petitioners are referred to the Diwan Peishkar for orders.

(By order of the Government of Cochin)
(Sd.)
Assistant Secretary

To

The Diwan Peishkar.
Petitioner (through Advocate).

LIBRARY ARCHIVES Kerala Legislative Assembly